# ബത്തേരിയിൽ  നിന്നും ഒന്നേ മുക്കാൽ കോടിയോളം രൂപയുടെ കുഴൽപ്പണം പിടികൂടി.

സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ പരിധിയിൽ പൊൻകുഴി ബോർഡറിനടുത്ത് വെച്ച് മൈസുരു ഭാഗത്ത് നിന്നും വരികയായിരുന്ന പച്ചക്കറി കയറ്റി വന്ന പിക്കപ്പ് വാഹനത്തിൽ നിന്നും ഒന്നേ മുക്കാൽ കോടിയോളം രൂപയുടെ കുഴൽപ്പണം പിടികൂടി. ഡ്രൈവർ സീറ്റിൻെറ മുൻഭാഗത്തെ അറയിൽ നിന്നുമാണ് പണം കണ്ടെത്തിയത്. വയനാട് ജില്ലാ പോലീസ് മേധാവിയുടെ പ്രത്യേക സ്ക്വാഡും ബത്തേരി പോലീസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് കുഴൽപ്പണം പിടികൂടിയത്. കുഴൽപ്പണം കടത്തിയതിന് കൊടുവള്ളി സ്വദേശികളായ ആറ്റകോയ കെ.സി (24 വയസ്), മുസ്തഫ (32 വയസ്) എന്നിവരെ ബത്തേരി പോലീസ് കസ്റ്റഡിയിൽ എടുത്തു. കുഴൽ പണത്തിൻെറ ഉടമയെന്ന് പറയുന്ന മുസ്തഫ, S/o ബീരാൻകുട്ടി, കരിമ്പനക്കൽ വീട്, മോഡേൺ ബസാർ, കൊടുവള്ളി എന്നയാൾ ടിയാൻെറ പിക്കപ്പ് വാഹനത്തിൽ കൊണ്ടുവന്ന പണം സ്വർണ്ണം വിറ്റ് കിട്ടിയ പണമാണെന്ന് പറയുന്നു.

പിടിച്ചെടുത്ത കുഴൽപ്പണം ബത്തേരി SBI ബാങ്കിൽ നിന്നും എണ്ണി തിട്ടപ്പെടുത്തിയതിൽ ഒരു കോടി എഴുപത്തിമൂന്ന് ലക്ഷത്തി മുപ്പത്തിമൂവായിരത്തി നൂറ്റി എഴുപത് രൂപയാണ് ഉള്ളത്. ആയതിന് പുറമെ 500 രൂപയുടെ ഒരു കള്ളനോട്ടും കാണപ്പെട്ടിട്ടുണ്ട്.